അച്ഛനെയും മകനെയും

കാറിൽ വലിച്ചിഴച്ച സംഭവം: സിസിടിവി ദൃശ്യങ്ങൾ ശേഖരിച്ചു

പ്രതികളുടെയും പരാതിക്കാരുടെയും മൊഴി രേഖപ്പെടുത്തും

കൊച്ചി: റോഡിൽ ചെളിവെള്ളം തെറിപ്പിച്ചതുമായി ബന്ധപ്പെട്ട് അച്ഛനെയും മകനെയും കാറിൽ വലിച്ചിഴച്ച സംഭവത്തിൽ പ്രതികളുടെയും പരാതിക്കാരുടെയും വിശദമായ മൊഴിയെടുക്കും. ഇതിനുശേഷമാകും അറസ്റ്റുൾപ്പെടെയുള്ള കാര്യങ്ങൾ.

കോട്ടയം സ്വദേശികളായ കാർ യാത്രക്കാരാണ് പ്രതികൾ. ചിറ്റൂർ ഫെറി സ്വദേശിയും ലോറി ഡ്രൈവറുമായ സന്തോഷ്,മകൻ അക്ഷയ് എന്നിവരാണ് പരാതിക്കാർ. കാർ യാത്രികരെ മർദിച്ചെന്ന പരാതിയിൽ അക്ഷയ്ക്കും പിതാവിനുമെതിരെ മറ്റൊരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംഭവത്തിൽ പോലീസ് സിസിടിവി ദൃശ്യങ്ങൾ ശേഖരിച്ചു.

മിന്നൽച്ചുഴലി: 66 വീടുകൾ ഭാഗികമായി നശിച്ചു

തൃശൂർ: തിങ്കളാഴ്ച ജില്ലയുടെ വിവിധയിടങ്ങളിൽ അനുഭവപ്പെട്ട മിന്നൽച്ചുഴലിയിൽ മരങ്ങൾ വീണും മറ്റും 66 വീടുകൾ ഭാഗികമായി നശിച്ചു.

ജില്ലാദുരന്ത നിവാരണ അഥോറിറ്റിയുടെ താലൂക്ക് തിരിച്ചുള്ള കണക്ക്: കുന്നംകുളം ആറ്, ചാവക്കാട്- ഏഴ്, തൃശൂർ- 13, മുകുന്ദപുരം- ആറ്, ചാലക്കുടി- നാല്, തലപ്പിള്ളി- 30. തലപ്പിള്ളി താലൂക്കിലാണ് ഏറ്റവുമധികം നാശനഷ്ടമുണ്ടായത്.

തിരൂരങ്ങാടിയിൽ അഞ്ചു പേർക്ക് തെരുവു നായയുടെ കടിയേറ്റു

തിരൂരങ്ങാടി: തിരൂരങ്ങാടി ചെറുമുക്കിൽ അഞ്ചുപേർക്ക് തെരുവു നായയുടെ കടിയേറ്റു. തിങ്കളാഴ്ച വൈകുന്നേരമാണു കുട്ടികൾ അടക്കം അഞ്ചുപേർക്ക് തെരുവ് നായയുടെ കടിയേറ്റത്. ചെറുമുക്ക് സലാമത്ത് നഗറിലെ മഠത്തിൽ ലത്തീഫിന്റെ ആറാം ക്ലാസിൽ പഠിക്കുന്ന മകൾ ഫാത്തിമ ഹിസ (11), നഫീസു (55), ബുഷ്റ (45), പി.കെ. ജാഫർ (39), മകൾ സഫ്വ (മൂന്നര വയസ്) എന്നിവരെയാണു നായ കടിച്ചത്. ഫാത്തിമ ഹിസ സ്കൂൾ വിട്ട് വീട്ടിലേക്ക് വരുന്ന സമയത്താണു നായ ഓടിച്ചു കടിച്ചത്. ജാഫറിന്റെ

മകളെ കടിക്കുന്നതിനിടെ ജാഫറിനെ ആക്രമിക്കുകയായിരുന്നു. കുട്ടിയെ മുഖത്ത് കടിച്ചിട്ടുണ്ട്.

പരിക്കേറ്റവർ തിരൂരങ്ങാടി ഗവ. താലൂക്ക് ആശുപത്രിയിൽ പ്രാഥമിക ചികിത്സയ്ക്കുശേഷം കോഴിക്കോട് മെഡിക്കൽ കോളജ്, തിരൂർ ജില്ലാ ആശുപത്രി എന്നിവിടങ്ങളിലെ ചികിത്സയ്ക്കു ശേഷം ഇന്നലെ വീട്ടിലേക്കു തിരിച്ചെത്തി. പ്രദേശത്ത് തെരുവു നായശല്യം വർധിച്ചിട്ടുണ്ട്.

ചെമ്മീൻ കയറ്റുമതി: സർക്കാർ നടപടിക്കെതിരെ മുനമ്പത്ത് നാളെ പ്രതിഷേധ മാർച്ച്

വൈപ്പിൻ: അമേരിക്കയിലേക്ക് ചെമ്മീൻ കയറ്റി അയയ്ക്കണമെങ്കിൽ കടലാമകൾക്ക് ബോട്ടുകളുടെ വലകളിൽനിന്ന് രക്ഷപ്പെടാനുള്ള ടിഇഡി (ടർട്ടൽ എക്സ്ക്ലൂഡ് ഡിവൈസ്) പിടിപ്പിക്കണമെന്ന പുതിയ നിർദേശം നടപ്പാക്കാൻ ഫിഷറീസ് മന്ത്രി ബോട്ടുടമകളുടെ യോഗം വിളിച്ച സാഹചര്യത്തിൽ പ്രതിഷേധവുമായി ബോട്ടുടമകൾ. സർക്കാർ നടപടിക്കെതിരെ ജനവികാരം തുറന്നുകാട്ടാൻ സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ നാളെ രാവിലെ 10ന് മത്സ്യബന്ധന മേഖലയും അനുബന്ധ മേഖലയും സംയുക്തമായി മുനമ്പത്ത് മാർച്ചും പ്രതിഷേധ സമരവും സംഘടിപ്പിക്കും.

ഇന്ത്യയിൽ നിന്ന് 35 ശതമാനം ചെമ്മീനാണ് അമേരിക്ക വാങ്ങുന്നത്. ഇതിൽ 26 ശതമാനം കാമാമി കളിൽ ഉത്പാദിപ്പിക്കുന്ന വനാമി തുടങ്ങിയ ചെമ്മീനുകളാണ്. ബാക്കി വരുന്ന ഒമ്പത് ശതമാനത്തിൽ മൂന്ന് ശതമാനം ചെമ്മീൻ വള്ളങ്ങളും ബാക്കി ആറ് ശതമാനം ബോട്ടുകളുമാണ് പിടിക്കുന്നത്. ഇക്കാര്യം ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കാതെ സർക്കാർ ബോട്ടുടമകൾക്ക് വൻ ബാധ്യത വരുത്തിവയ്ക്കുകയാണെന്നാണ് ബോട്ടുടമകൾ പറയുന്നത്.

ശരാശരി ഒരു ബോട്ടിൽ 12 ഓളം വലകൾ ഉണ്ടായിരിക്കും. ഈ വലകളിലെല്ലാം ടിഇഡി പിടിപ്പിക്കാൻ ഏകദേശം മൂന്ന് ലക്ഷം രൂപ കണ്ടെത്തേണ്ട ഗതികേടിലാണ് ബോട്ടുടമകൾ. ഇതില്ലെങ്കിൽ ഭാവിയിൽ മത്സ്യബന്ധനത്തിന് പോകാൻ അനുവദിക്കില്ലെന്ന രീതിയിലാണ് സർക്കാർ കാര്യങ്ങൾ നീക്കുന്നതെന്നും കോ-ഓർഡിനേഷൻ കമ്മിറ്റി കുറ്റപ്പെടുത്തി.

നോട്ടീസ്

2018 വർഷത്തെ 433601 രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്എസ്എൽസി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്ത വിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്. എന്ന്,

ഫർസീൻ അഹമ്മദ് എം.എച്ച്.
Ph: 8589079524, 9645275742

SHARE CERTIFICATE LOST

Share Certificate Lost in the name of my father Raveendran K.E. Folio No : 074449352 (Reliance Industries 240 nos.) was lost during my journey from Kothamangalam to Muvattupuzha. If anyone has got the documents kindly contact Neeraj Lal K.R. S/o. Raveendran K.E., Karattukudy (H), Aruvappara P.O.-683545, Mob : 9846212800.

E2407-536484

അനുഗ്രഹസ്മരണ

വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്തദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ. യാതൊരു സഹായവും ഫലസിദ്ധിയുമില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (അവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ കാർക്കുമെന്നും അങ്ങെ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ. (ഈ പ്രാർത്ഥന 9 ദിവസം 9 പ്രാവശ്യം ചൊല്ലുക. 8 ദിവസം തുടർച്ചയായി ചൊല്ലിയാൽ ഏതു കാര്യവും സാധിക്കും. 10 ദിവസം തുടർച്ചയായി ചൊല്ലിയാൽ അത് ഒരുനാളും സഫലമാകാതിരിക്കില്ല.

Jose Nedumpuram
Kothamangalam

K2407-536484

വിദ്യാഭ്യാസം

പാരാമെഡിക്കൽ കോഴ്സ്

കേന്ദ്രഗവൺമെന്റ് അംഗീകാരമുള്ള BSS ആയുർവേദ ഫാർമസി, നഴ്സിംഗ്, പഞ്ചകർമ കോഴ്സുകൾക്ക് അഡ്മിഷൻ തുടരുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

ALFA INSTITUTE OF ALLIED HEALTH SCIENCE
Vettilappara, Malappuram
9645809400, 9074555604

K2407-535488

സെപ്റ്റിക് ടാങ്ക് ക്ലീനിംഗ്

മികവിയ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
7560840085
ബ്ലോക്ക്, മെയിന്റനൻസ് തുടങ്ങിയവയിൽ എവിടെയും ഏതുതരത്തിലുള്ളതും വൃത്തിയാക്കുന്നു
9633410797

T2405-530169

പരീക്ഷാഫലം വന്നില്ല

24 സർക്കാർ നഴ്സിംഗ് കോളജുകളിലെ വിദ്യാർഥികൾ പ്രതിസന്ധിയിൽ

കൊച്ചി: ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമില്ലെന്ന കാരണത്താൽ, ഒന്നാം സെമസ്റ്റർ പരീക്ഷാഫലം തടഞ്ഞുവച്ച സംസ്ഥാനത്തെ 24 നഴ്സിംഗ് കോളജുകളിലെ ബിഎസ്സി നഴ്സിംഗ് വിദ്യാർഥികൾ ആശങ്കയിൽ. ആറു സർക്കാർ മെഡിക്കൽ കോളജുകളിലേതുൾപ്പെടെ 1369 വിദ്യാർഥികളുടെ ഫലമാണ് ആരോഗ്യസർവകലാശാല തടഞ്ഞത്.

കഴിഞ്ഞ വർഷം സംസ്ഥാന സർക്കാർ അധികമായി അനുവദിച്ച കോളജുകളിലെയും ബാച്ചുകളിലെയും വിദ്യാർഥികളുടെ ഫലമാണ് തടഞ്ഞിട്ടുള്ളത്. പുതിയ ബാച്ചുകളുടെ അംഗീകാരത്തിനായി നഴ്സിംഗ് കൗൺസിലിന് അപേക്ഷ നൽകുന്നതിലുണ്ടായ കാലതാമസമാണ് ഇപ്പോഴത്തെ പ്രതിസന്ധിയ്ക്കു കാരണമായത്. ആരോഗ്യ സർവകലാശാലയുടെ താത്കാലിക അനുമതിയോടെയാണ് പുതിയ ബാച്ചുകളിലേക്കും കോളജുകളിലേക്കും വിദ്യാർഥികളെ പ്രവേശിപ്പിച്ചത്.

കഴിഞ്ഞ ഏപ്രിലിൽ നടന്ന ഒന്നാം സെമസ്റ്റർ പരീക്ഷയുടെ ഫലമാണു തടഞ്ഞുവച്ചിട്ടുള്ളത്. സർക്കാർ നഴ്സിംഗ് കോളജുകളിലെയും സർക്കാർ നിയന്ത്രിക്കുന്ന സ്വാശ്രയ നഴ്സിംഗ് കോളജുകളിലെയുമാണു ഫലപ്രഖ്യാപനം പ്രതിസന്ധിയിലായത്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജിയുടെ (സിമെറ്റ്) എട്ടു കോളജുകളും ഫലം തടയപ്പെട്ടവയിലുണ്ട്.

അതേസമയം പുതിയ കോളജുകൾക്കും ബാച്ചുകൾക്കും ഇന്ത്യൻ, കേരള നഴ്സിംഗ് കൗൺസിലുകളുടെ അംഗീകാരത്തിനു ശേഷം മാത്രമാണ് സർവകലാശാല അംഗീകാരം നൽകേണ്ടതെന്ന വ്യവസ്ഥ 24 കോളജുകളുടെ കാര്യത്തിൽ പാലിക്കപ്പെട്ടിട്ടില്ലെന്നും ആരോപണമുയരുന്നുണ്ട്.

അവഗണിച്ച ബജറ്റ്: വി.കെ. ശ്രീകണ്ഠൻ

തൃശൂർ: ഇതുപോലെ സംസ്ഥാനത്തെ അവഗണിച്ച ഒരു ബജറ്റ് മുമ്പുണ്ടായിട്ടില്ലെന്നു തൃശൂർ ഡിസിസി പ്രസിഡന്റ് വി.കെ. ശ്രീകണ്ഠൻ എംപി. കേരളം കാത്തിരുന്ന എയിംസ് ഇപ്പോഴും കാണാമറയത്താണ്. ദീർഘകാല ആവശ്യമായ റെയിൽവേ സോൺ പരിഗണനയിൽ വന്നില്ല.

പത്തു വകുപ്പ് അമ്മാനമാടാൻ പോയിട്ട് എന്തുപറ്റിയെന്നു കേന്ദ്രമന്ത്രി വ്യക്തമാക്കണം. കേരളത്തിനെ സാമ്പത്തികതകർച്ചയിൽനിന്നു രക്ഷിക്കാൻ ഒരു പദ്ധതിയും ഇല്ല. രൂക്ഷമായ വിലക്കയറ്റവും തൊഴിലില്ലായ്മയും പരിഹരിക്കാൻ ഒരു നടപടിയുമില്ല. കാർഷികമേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമായ ഉത്പന്നങ്ങളുടെ താങ്ങുവിലയെക്കുറിച്ച് ഒരു പരാമർശവുമില്ലെന്നും അദ്ദേഹം പറഞ്ഞു.

പെരിയാറിലൂടെ ഒഴുകിയ മൃതദേഹം കരയ്ക്കെത്തിച്ചു

ആലുവ: പെരിയാറിലൂടെ ഒഴുകിയ യുവാവിന്റെ മൃതദേഹം കരയ്ക്കെത്തിച്ചു. കടുങ്ങല്ലൂർ പഞ്ചായത്തിലെ കുഞ്ഞുണ്ണിക്കര കുരിക്കോത്ത് കടവിലൂടെ ഒഴുകിയ മൃതദേഹം നാട്ടുകാർ വിവരമറിയിച്ചതിനെ തുടർന്ന് ഉളിയന്നൂർ കുഞ്ഞുണ്ണിക്കര സ്കൂബ ടീമാണ് കരയ്ക്ക് എത്തിച്ചത്.

വൈകിട്ടോടെയാണ് മൃതദേഹം ഒഴുകുന്നത് കണ്ടത്.

35 വയസ് തോന്നിക്കുന്ന പുരുഷന്റെ മൃതദേഹമാണ്. തിരിച്ചറിഞ്ഞിട്ടില്ല.

CHANGE OF NAME

CHANGE OF NAME

I Jayaprakash Pollathil Narayanan holder of PPT no: K6145541 residing at Punnathil (H) Kodampilly Kombanad P.O., Ernakulam-683546 do hereby change my name to Jayaprakash Punnathil Narayanan.

E2407-536538

CHANGE OF NAME

I, RAJENDRAPRASAD THATTADAM SREEDHARAN HOLDER OF PPT No. S3469129 RESIDING AT CHAITHRAM, KAKKOOR P.O, THIRUMARADY, ERNAKULAM, KERALA-686662 DO HEREBY CHANGE MY NAME TO **RAJENDRA PRASAD.**

E2407-536500

CHANGE OF NAME

I, VIJOSH K M, Ex Leading, personal No. 155340-y, P.P.O No-09/097/B/S/001037/2015 residing at kattumpurath House Thevara (P.O) Kanayannoor Taluk, Ernakulam-682013 kerala, makes it known to the General public that the name of my wife as mentioned in my military Records as LIMI VIJOSH is hereby corrected as LIMIMOL O M. DOB-01/03/1988.This advertisement is done to make necessary changes in my military Records.

E2407-536509

സാറാമ്മ വധക്കേസ്

ക്രൈംബ്രാഞ്ച് അന്വേഷണം ആരംഭിച്ചു

കോതമംഗലം: ചേലാട് ചെങ്ങമനാട്ട് സാറാമ്മ വധക്കേസ് ക്രൈംബ്രാഞ്ച് ഏറ്റെടുത്തു. കഴിഞ്ഞ മാർച്ച് 25ന് പട്ടാപ്പകൽ വീടിനുള്ളിൽ വച്ചാണ് ചെങ്ങമനാട്ട് സാറാമ്മയെ കഴുത്തറുത്ത് കൊലപ്പെടുത്തുകയും ആഭരണങ്ങൾ കവരുകയും ചെയ്തത്. ലോക്കൽ പോലീസ് നടത്തിയ അന്വേഷണത്തിൽ പുരോഗതിയില്ലാതെവന്നതോടെ സ്വാഭാവിക നടപടി എന്ന നിലയിലാണ് അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്തിരിക്കുന്നത്. കൊലപാതകം നടന്ന് നാലുമാസം തികയുമ്പോഴാണ് ക്രൈംബ്രാഞ്ച് സംഘം അന്വേഷണം ആരംഭിച്ചത്.

ഡിവൈഎസ്പി റിജോ പി. ജോസഫിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥസംഘമാണ് അന്വേഷണം നടത്തുന്നത്. ഇവർ സാറാമ്മയുടെ വീട്ടിലെത്തി വിവരങ്ങൾ ശേഖരിച്ചു. മകൻ എൽദോസുമായും സംസാരിച്ചു. ഇതുവരെയുള്ള അന്വേഷണത്തിൽ ഒരു തെളിവും ലഭിച്ചില്ലെന്ന് ഉദ്യോഗസ്ഥർ അറിയിച്ചതായി എൽദോസ് പറഞ്ഞു. ആരന്വേഷിച്ചാലും കൊലപ്പെടുത്തിയവരെ എത്രയുംവേഗം കണ്ടുപിടിക്കണമെന്നാണ് ആവശ്യം. സാറാമ്മ കൊലപാതകത്തിന്റെ അന്വേഷണത്തിൽ കോതമംഗലം പോലീസ് പൂർണമായി പരാജയപ്പെടുകയായിരുന്നു.

ആദ്യഘട്ട അന്വേഷണത്തിലുണ്ടായ ചില വീഴ്ചകളാണ് തിരിച്ചടിയായത്. പ്രതിയെന്ന് സംശയിച്ച് ചിലരെ ദിവസങ്ങളോളം കസ്റ്റഡിയിൽവച്ച് ചോദ്യം ചെയ്തിരുന്നു. സമാനരീതിയിൽ കുറ്റകൃത്യം നടത്തിയിട്ടുള്ളവരെ കേന്ദ്രീകരിച്ചും അന്വേഷിച്ചു. എന്നാൽ സാറാമ്മയുടെ വീട്ടിലേക്ക് വരികയോ പോകുകയോ ചെയ്ത ആരേക്കുറിച്ചും ഒരു സൂചനയും പോലീസിന് കണ്ടെത്താൻ കഴിഞ്ഞില്ല.

ആസൂത്രിതമായതിനാലാണ് തെളിവുകളൊന്നും അവശേഷിപ്പിക്കാതെ കൊലപാതകം നടത്തി പ്രതികൾക്ക് രക്ഷപ്പെടാൻ കഴിഞ്ഞതെന്നാണ് നിഗമനം.

മോഷണം മാത്രമാണോ കൊലപാതകത്തിന്റെ ലക്ഷ്യമെന്ന കാര്യത്തിലും സംശയങ്ങളുയർന്നിരുന്നു. ഇക്കാര്യവും ക്രൈംബ്രാഞ്ച് അന്വേഷിക്കും.

കോതമംഗലം ചേലാട് ചെങ്ങമനാട്ട് സാറാമ്മ വധക്കേസ് ഏറ്റെടുത്ത ക്രൈംബ്രാഞ്ച് ഡിവൈഎസ്പി റിജോ പി. ജോസഫിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം വീട്ടിലെത്തിയപ്പോൾ.

ഇസുസു മൺസൂൺ ക്യാമ്പ്

കൊച്ചി: ഇസുസു മോട്ടോർസ് ഇന്ത്യ ഇസുസു ഡി-മാക്സ് പിക്ക് അപ്പുകൾക്കും എസ് യുവികൾക്കുമായി മൺസൂൺ ക്യാമ്പ് നടത്തുന്നു. എല്ലാ ഇസുസു അംഗീകൃത ഡീലർ സർവീസ് ഔട്ട്ലെറ്റുകളിലും 28 വരെയാണു ക്യാമ്പ്. ഉപഭോക്താക്കൾക്ക് അവരുടെ വാഹനങ്ങൾക്ക് പ്രത്യേക ഓഫറുകളും ആനുകൂല്യങ്ങളും ലഭിക്കും.

സൗജന്യ 37 പോയിന്റ് സമഗ്ര പരിശോധന, പണിക്കൂലിയില് 10 ശതമാനം കിഴിവ്, പാർട്സുകൾക്ക് അഞ്ചു ശതമാനം കിഴിവ്, ലൂബ്രിക്കന്റുകൾക്കും ഫ്ളൂയിഡുകൾക്കും അഞ്ചുശതമാനം കിഴിവ്, ആർഎസ്എ റീട്ടെയിൽ വാങ്ങലിന് 10 ശതമാനം കിഴിവ്, സൗജന്യ രജിസ്ട്രേഷൻ എന്നീ സേവനങ്ങൾ ഐ-കെയർ മൺസൂൺ ക്യാമ്പിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾക്കായി, 1800 4199 188 (ടോൾ ഫ്രീ) എന്ന നമ്പറിൽ ബന്ധപ്പെടുക.

പെരിയാറിലേക്ക് ചാടിയ വയോധികനെ കണ്ടെത്താനായില്ല

ആലുവ: മംഗലപ്പുഴ പാലത്തിൽനിന്ന് പെരിയാറിലേക്ക് ചാടിയ വയോധികനുവേണ്ടി ഇന്നലെ വൈകുന്നേരം വരെ തെരച്ചിൽ നടത്തിയിട്ടും കണ്ടെത്താനായില്ല. കടുങ്ങല്ലൂർ മുപ്പത്തടം കക്കാട്ടിൽ വി.കെ. രാജു (70)വാണ് പെരിയാറിലേക്ക് ചാടിയത്. അഗ്നിശമന സേനയുടെയും ഉളിയന്നൂരിൽ നിന്നുള്ള മുങ്ങൽ വിദഗ്ധരുടെയും നേതൃത്വത്തിലുള്ള തെരച്ചിൽ ഇന്നും തുടരും.

ഇന്നലെ രാവിലെ 10 .45 ഓടെയാണ് രാജു പുഴയിലേക്ക് ചാടുന്നതായി ഏതാനും പേർ കണ്ടത്. പാലത്തിൽ നിന്ന് ചാടിയ ശേഷം ഏറെനേരം വെള്ളത്തിൽ പൊങ്ങിക്കിടന്നുവെന്നും അതിനുശേഷം കാണാതായെന്നും നാട്ടുകാർ പറയുന്നു.

അവിവാഹിതനായ രാജു മുപ്പത്തടത്ത് നടത്തിയിരുന്ന പലചരക്ക് കട ഈയിടെ വിറ്റു. മുപ്പത്തടത്ത് സഹോദരിയുടെ വീട്ടിലാണ് താമസിച്ചിരുന്നത്. ഇന്നലെ രാവിലെ മുപ്പത്തടത്തുനിന്ന് ഓട്ടോയിൽ കയറി പോകുന്നത് കണ്ടവരുണ്ട്. മാനസിക രോഗത്തിന് ചികിത്സയിലായിരുന്നുവെന്ന് ബന്ധുക്കൾ പറഞ്ഞു.

ബിസിനസ്

Providing the best Wedding Cards FROM OUR WIDE RANGE OF COLLECTIONS
Valavi & Co. Near Market Bridge Broadway, Ernakulam Ph: 0484 235 3765 9074885863 Mail: bravalavi@gmail.com
Valavi Cards Valavi Towers, Providence Road, Ernakulam, Cochin-18 Ph: 0484 2393018, 8281506620 Email: valavico@gmail.com www. valavi.com
E2406-533598

വീട്, സ്ഥലം ആവശ്യമുണ്ട്
KERALA's NO.1 റിയൽ എസ്റ്റേറ്റ് പോർട്ടലായ realkairali.com ന് വിദേശ മലയാളികൾക്കായി സ്ഥലങ്ങൾ, വീടുകൾ, വില്ല, ഫ്ളാറ്റ്, ബിൽഡിങ്, എസ്റ്റേറ്റ് ഇടനിലക്കാരില്ലാതെ ആവശ്യമുണ്ട്.
9946 33 24 24
z2406-532656

ഹോം നഴ്സിംഗ്

ഹോം നഴ്സിംഗ്

പരിചയമുള്ള രോഗീപരിചരണം, വീട്ടുജോലി, പ്രസവശുശ്രൂഷ (സ്ത്രീ/പുരുഷൻ) വേതനം: 14000-30000 Rs). ദിവസവേതനത്തിൽ ബൈസ്റ്റാൻ ഡറെ ലഭിക്കുന്നതിന്.

വെസ്റ്റേൺ, തൊടുപുഴ, മുട്ടം
04862-255326,
9446813356, 9388810095

K2407-534861

കൃപ ഹോം നേഴ്സിംഗ്

രോഗീപരിചരണം (M/F), ശിശുസംരക്ഷണം, വീട്ടുജോലി, പ്രസവശുശ്രൂഷ, ഹോസ്പിറ്റൽ ബൈസ്റ്റാൻഡർ, കോവിഡ് ഡ്യൂട്ടി എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി വേണ്ടവരും വിളിക്കുക.

കൃപ ഹോം നേഴ്സിംഗ്, മുട്ടം
Ph: 7902857211
9746518466

K240529311

വീ കെയർ പാലാ

വീട്ടുജോലി, ഹോംനേഴ്സ്, പ്രസവശുശ്രൂഷ കേരളത്തിനകത്തും പുറത്തും
7994667844,
9847167844,
7994667944

K2405-531494

ഇസുസു മൺസൂൺ ക്യാമ്പ്

CORPORATE EDUCATIONAL AGENCY, DIOCESE OF KOTHAMANGALAM

(Nirmala College Muvattupuzha and Newman College Thodupuzha)
Ph. 9400470540, Email. Kothamangalamcorporate@gmail.com

NOTIFICATION

Applications are invited from eligible candidates for the post of Assistant Professors in the following permanent vacancies.

No	Subject	General	Community	PWD	Total
1	Physics	1	2		3
2	Mathematics	1	1	1 (Low vision)	3
3	Statistics	1	1		2
4	Economics			1(Hard of Hearing)	1
5	Commerce	1	1		2
6	Political Science	1			1
7	Physical Education	2	1		3
8	Hindi			1 (Multiple Disability, Autism, Intellectual Disability and specific learning disability)	1

Age and qualifications are as per the rules and regulations of UGC/M.G.University/ Govt. of Kerala. Application form can be had from the Office of the Manager of Colleges, Corporate Educational Agency, Diocese of Kothamangalam at Nirmala College, Muvattupuzha P.O., Pin: 686661 on payment of Rs. 2000/- in cash or D.D. for Rs.2050/-. PWD category applicants need not pay the application fees. Duly filled Applications along with copies of all the certificates and other relevant documents in support of the claim should reach the office of the Manager within one month of the date of this notification.

Government reserves the right to turn down the proposal for approval, if it is revealed later that the appointed post is one which is not sanctioned by the Government or not existing as per the approved staff pattern.

Kothamangalam Sd/-
Date: 24-07-2024 Manager

E2407-536505

SOUTH INDIAN Bank

EXPERIENCE NEXT-GEN BANKING

റീജിയണൽ ഓഫീസ് : ഇരിഞ്ഞാലക്കുട
VI/950-C & D, AKP സെന്റർ, ക്രൈസ്റ്റ് കോളേജ്, ക്രൈസ്റ്റ് നഗർ, ഇരിഞ്ഞാലക്കുട-680125 Ph: 0480-2829336 (CM), 2821336 (Gen)
E-mail: ro1017@sib.co.in www.southindianbank.com
CIN No.: L65191KL1929PLC001017

Ref: RO-IJK/SAR/0152/SN/20/2024-25 **തീയതി : 23.07.2024**

ഇ – ലേല വിൽപ്പന അറിയിപ്പ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസ്, 2002ന്റെ റൂൾ 8(6) & 9(1) പ്രകാരവും പ്രസിദ്ധീകരിക്കുന്ന സ്ഥാവര വസ്തുക്കൾ വിൽപനക്കായുള്ള ഇ-ലേല വിൽപന അറിയിപ്പ്.

(1). ശ്രീ. പി. പി. ബേബി, S/o. പാപ്പച്ചൻ, പ്രൊപ്രൈറ്റർ - **M/s. ലിസ് ഫുഡ് പ്രോഡക്ട്സ്**, മുളംകുഴി, മലയാറ്റൂർ, എറണാകുളം, പിൻ: 683578. കൂടാതെ താമസിക്കുന്നത് പള്ളിപാടൻ ഹൗസ്, നായത്തോട് കര, അങ്കമാലി വില്ലേജ്, ആലുവ താലൂക്ക്, എറണാകുളം, പിൻ: 683572

താഴെ പ്രസ്താവിക്കുന്ന സ്ഥാവര വസ്തുവകകൾ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, കാലടി ബ്രാഞ്ചിൽ (സെക്യൂർഡ് ക്രെഡിറ്റർ) പണയപ്പെടുത്തിയിട്ടുള്ളതും ചുമതലപ്പെടുത്തിയ ഓഫീസർ **ഭൗതീകമായി കൈവശത്തിലെടുത്തിട്ടുള്ളതുമാണ്. 22.07.2024 തീയതിക്ക് രൂ.3,22,41,496.11/- (മൂന്ന് കോടി ഇരുപത്തിരണ്ട് ലക്ഷത്തി നാൽപത്തിയൊന്നായിരത്തി നാന്നൂറ്റി തൊണ്ണൂറ്റിയാറ് രൂപ പതിനൊന്ന് പൈസ മാത്രം) ഭാവിയിലെ പലിശയും നഷ്ടങ്ങളും ചിലവുകളും മുതലായവ അടക്കം**, മുകളിൽ സൂചിപ്പിച്ച വായ്പക്കാർ & ജാമ്യക്കാർ ആയവരിൽ നിന്നും ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന്റെ **കാലടി ബ്രാഞ്ചിലേക്ക്** ഈടാക്കി കിട്ടാനുതിലേയ്ക്കായി "എവിടെയാണോ" "എങ്ങിനെയാണോ" "എന്തുതന്നെയായാലും അങ്ങനെതന്നെ" എന്ന വ്യവസ്ഥയിൽ **23.08.2024ന് വിൽപന** നടത്തുന്നതാണെന്ന് പൊതുജനങ്ങൾക്ക് പൊതുവായും പ്രത്യേകിച്ച് വായ്പക്കാർക്കും/ ജാമ്യക്കാർക്കും ഇതിനാൽ അറിയിപ്പ് നൽകുന്നു

വസ്തു ഉടമയുടെ പേര് : ശ്രീ. പി. പി. ബേബി

വസ്തുവിന്റെ വിവരണം: എറണാകുളം ജില്ല, ആലുവ താലൂക്ക്, മലയാറ്റൂർ വില്ലേജ്, 33.57 ആർസ് അതായത് 57/1/2 റീ.സർവ്വെ നമ്പറിൽ 00.78 ആർസ്, 58/2/2/2 റീ.സർവ്വെ നമ്പറിൽ 11.76 ആർസ്, 58/2/2/3 റീ.സർവ്വെ നമ്പറിൽ 10.91 ആർസ്, 58/2/2/1 റീ.സർവ്വെ നമ്പറിൽ 10.12 ആർസ് (പഴയ സർവ്വെ നമ്പർ 19/1 ബി) സ്ഥലവും എല്ലാ അംശങ്ങളും ഭാഗങ്ങളും അടക്കം സ്ഥലവും അതോടൊപ്പം ഏകദേശം 9400 Sqft വിസ്തീർണ്ണമുള്ള ഫാക്ടറി കെട്ടിടവും മറ്റ് എല്ലാ മെച്ചപ്പെടുത്തലുകളും അനുഭവങ്ങളും മറ്റ് എല്ലാ നിലവിലുള്ള അവകാശങ്ങളും അടക്കം ശ്രീ. പി. പി. ബേബി, പ്രൊപ്രൈറ്റർ M/s.ലിസ് ഫുഡ് പ്രോഡക്ട